**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 99** **30-08-2022 - ൽ മറുപടിയ്ക്ക്**

**ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയപാതകളുടെ നിർമ്മാണത്തിലും പരിപാലനത്തിലും കേന്ദ്ര സർക്കാർ ഏജൻസികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന ഗുരുതരമായ അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. NHAI യ്ക്ക് കൈമാറിയ ദേശീയപാതകളിൽ അറ്റകുറ്റപ്പണികൾ ചെയ്യാനുള്ള ഉത്തരവാദിത്തം NHAI യ്ക്കാണ്. |
| (ബി) | ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് കോൺട്രാക്റ്റ് സംവിധാനം ഉൾപ്പെടെ സംസ്ഥാനത്തെ മരാമത്ത് റോഡുകളുടെ പരിപാലനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | കേരളത്തിലെ റോഡുകൾ പോട്ട്ഹോൾ ഫ്രീ ആക്കിമാറ്റുക എന്ന ലക്ഷ്യത്തോടെ വൈവിധ്യമാർന്ന പദ്ധതികൾ ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്.<br><br>**റണ്ണിംഗ് കോൺട്രാക്റ്റ്**<br><br>റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതിയാണ് റണ്ണിംഗ് കോൺട്രാക്റ്റ്. പരിപാലന കാലാവധിയിൽ അല്ലാത്ത റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ നിശ്ചിത സമയത്തേക്ക് ഒരു കരാറുകാരന് ചുമതല നൽകുന്നതാണ് ഈ പദ്ധതി. റോഡുകളിൽ കുഴികളും മറ്റും ഉണ്ടായാൽ വേഗത്തിൽ പരിഹരിക്കുന്നതിന് സഹായകരമാണ് ഈ പദ്ധതി. റണ്ണിംഗ് കോൺട്രാക്റ്റ് പദ്ധതിയിലൂടെ 12,332 കിലോ മീറ്റർ റോഡിന്റെ പരിപാലനം ഈ വർഷം സാധ്യമായി. റണ്ണിംഗ് കോൺട്രാക്റ്റിൽ ഉൾപ്പെടാത്ത 9210 കി.മീ. റോഡുകളിൽ കുഴി അടയ്ക്കുന്നതിന് മഴക്കാല റോഡ് പരിപാലന പദ്ധതിയും നടപ്പിലാക്കുന്നു.<br><br>ഇതു കൂടാതെ തെരഞ്ഞെടുക്കപ്പെട്ട റോഡുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഏഴ് വർഷ കാലയളവിലേക്കുള്ള OPBRC പ്രവർത്തികളും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് റോഡുകളിലെ കുഴികൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഔട്ട്പുട്ട് & പെർഫോർമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട് (OPBRC) എന്ന ആധുനിക കരാർ ആശയ പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന റോഡുകളുടെ പരിപാലന പ്രവർത്തനങ്ങൾ കോർ റോഡുകളിൽ നടപ്പിലാക്കി വരുന്നു. 7 വർഷമാണ് കരാർ കാലാവധി. ഈ പദ്ധതിയിൽ 5 പാക്കേജുകളിലായി 443.71 കി.മീ. റോഡുകൾക്ക് 343.46 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ പാക്കേജുകളിലെ റോഡുകൾ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലൂടെ കടന്ന് പോകുന്നു. ഇതിൽ മൂന്ന് പാക്കേജുകളിലെ പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞു. മറ്റ് രണ്ടു പാക്കേജുകൾ ടെൻഡർ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.<br><br>പരിപാലന കാലാവധിയിലുള്ള റോഡുകളിൽ DLP ബോർഡുകൾ സ്ഥാപിച്ച് വിവരങ്ങൾ പരസ്യപ്പെടുത്തിയിട്ടുണ്ട്. പരിപാലനം കൃത്യസമയത്ത് നടക്കുന്നുവെന്ന് ഉറപ്പാക്കാൻ ഇത് സഹായകരമായി മാറി. |
| (സി) | പ്രസ്തുത സംവിധാനത്തിലൂടെ ഏതെല്ലാം മേഖലയിലുള്ള റോഡുകളാണ് പുനർനിർമിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) | OPBRC, റണ്ണിംഗ് കോൺട്രാക്ട് എന്നീ പദ്ധതികളിലൂടെ റോഡുകളിലെ അറ്റകുറ്റപണികളാണ് നടത്തി വരുന്നത്, പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്താറില്ല. എന്നാൽ OPBRC Package - DPR തയ്യാറാക്കുന്ന സമയത്ത് മൂന്നാർ ടോപ്പ് സ്റ്റേഷൻ വട്ടവട റോഡ് വളരെയധികം മോശമായിരുന്നതിനാൽ റോഡിന്റെ ch 12/500 to 17/000 വരെ പുനർ നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഈ സംവിധാനത്തിലൂടെ ടെൻഡർ നടപടി പൂർത്തീകരിക്കുന്ന റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ കരാറുകാർതന്നെ നിശ്ചിത കാലത്തേക്ക് നടപ്പിലാക്കുമോ; വിശദീകരിക്കുമോ; | (ഡി) | നിലവിൽ OPBRC പദ്ധതിയിൽ ഉൾപ്പെട്ട റോഡുകൾ 7 വർഷത്തെ കരാർ കാലവധിയിലാണ് കരാറുകാരന് നൽകുന്നത് പ്രസ്തുത 7 വർഷവും, കരാറിൽ ഉൾപ്പെട്ട റോഡുകളിൽ ഉണ്ടാകുന്ന എല്ലാ വിധ അറ്റകുറ്റപ്പണികളും അടിയന്തര സാഹചര്യങ്ങളിൽ വരുന്ന പ്രവൃത്തികളും ഉൾപ്പെടെ ചെയ്യാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. |
| (ഇ) | ഇത്തരം സംവിധാനത്തിലൂടെ നിർമിക്കപ്പെടുന്ന റോഡുകൾക്ക് പ്രതികൂല കാലാവസ്ഥയിൽ തകർച്ച സംഭവിച്ചാലും അറ്റകുറ്റപ്പണികൾ നടപ്പിലാക്കുന്നതിന് കരാർ ഏറ്റെടുത്ത കമ്പനിക്ക് ഉത്തരവാദിത്തമുണ്ടോ; വിശദമാക്കുമോ? | (ഇ) | ഉണ്ട്. OPBRC സംവിധാനത്തിലൂടെ പാലിക്കപ്പെടുന്ന റോഡുകളിൽ പ്രതികൂല കാലാവസ്ഥയുമായി ബന്ധപ്പെട്ട് ദുരന്ത നിവാരണങ്ങൾക്കായി അടിയന്തരമായി നടപ്പിലാക്കേണ്ടി വരുന്ന പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള എല്ലാ ചെറിയ അറ്റകുറ്റപ്പണികൾക്കുമായി 'ഓർഡിനറി മെയിന്റനൻസ്' എന്ന പ്രവൃത്തി ശീർഷകത്തിൽ ഉൾപ്പെടുത്തി മാസംതോറും ഒരു തുക കരാറുകാരന് നൽകുന്നുണ്ട്. ഈ ശീർഷകത്തിന് പുറത്ത് വരുന്ന അടിയന്തര സ്വഭാവമുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി അടിയന്തര പ്രവൃത്തികൾക്കായുള്ള ശീർഷകത്തിൽ ഉൾപ്പെടുത്തി മറ്റ് നാല് ശീർഷകങ്ങളിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ആകെ തുകയുടെ 10% തുകയും നീക്കി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ